പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4702 22.03.2018 ലെ മറുപടിക്ക്

**ചെറുകിട കയർ ഉത്പാദകരുടെ ഉത്പന്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ചെറുകിട കയർ ഉത്പാദകരുടെയും കയർ സഹകരണ സംഘങ്ങളുടെയും ഉത്പന്നങ്ങൾ ഏറ്റെടുത്ത് വരുന്നത് എന്ന് വിശദീകരിക്കാമോ; | എ) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെറുകിട കയർ ഉൽപ്പാദകരുടെയും കയർ സഹകരണ സംഘങ്ങളുടെയും കയർ ഉൽപ്പന്നങ്ങൾ ഏറ്റെടുക്കുന്നുണ്ട്.<br>കയർഫെഡ്, കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും ഏറ്റെടുക്കുന്നുണ്ട്. |
| ബി) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ചെറുകിട ഉത്പാദകരുടെ എത്ര ടൺ കയർ ഉത്പന്നങ്ങൾ ഇപ്രകാരം ഏറ്റെടുത്തുവെന്ന് വിശദീകരിക്കാമോ; | ബി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ 100 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇത് കൃത്യമായി ടണ്ണിൽ കണക്കാക്കിയിട്ടില്ല. |
| സി) ഏറ്റെടുത്ത കയർ ഉത്പന്നങ്ങളുടെ വില പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ; | സി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഏറ്റെടുത്ത കയർ ഉത്പന്നങ്ങളുടെ വില പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. |
| ഡി) കാലതാമസം കൂടാതെ കയർ ഉത്പന്നങ്ങളുടെ വില ഉത്പാദകർക്ക് കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) കേരള സംസ്ഥാന കയർ കോർപ്പറേഷനും കയർഫെഡും അതാത് സ്ഥാപനങ്ങൾക്ക് ബാധകമായ ഉൽപ്പാദകർക്ക് മുഴുവൻ തുകയും കാലതാമസം വരാതെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ